(ബി) ബഹു. പയ്യന്നൂർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപ അടങ്കലിൽ പുതിയ ഒരു റേഡിയോളജി ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. പ്രസ്തുത യൂണിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ എക്സറേ യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത്

87(776) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ജീവനക്കാരുടേയും ഡോക്ടർമാരുടേയും നിയമനത്തിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ പുതിയ കെട്ടിടത്തിനായി ജിഡ- ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 20-8-2010 തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 557/2010/ ആ.കു.വ. ഉത്തരവ് പ്രകാരം ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) ജിഡ ഫണ്ടിൽനിന്നും ഇതിലേക്ക് അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ജിഡയിൽ നിന്നോ എഫ്.ഐ.ടി.-യിൽ നിന്നോ പ്രസ്തുത വിഷയം സംബന്ധിച്ച് പ്ലാനും എസ്റ്റിമേറ്റും ലഭ്യമായിട്ടില്ല

കുട്ടികളുടെ ക്യാൻസർ ചികിത്സാ സൗജന്യം

88(777) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.-യിലും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലും കുട്ടികളുടെ ചികിത്സക്ക് എന്തെല്ലാം സൗജന്യങ്ങളും ആനുകൂല്യങ്ങളുമാണ് ലഭ്യമാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly